പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (Home Affairs)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2020-21)**

**FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2020-21)**

2020 മാർച്ച് 2-ാം തീയതി സമർപ്പിച്ചത്
(Presented on 2nd March, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (Home Affairs)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2020-21)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2020-21)

279/2020.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2020-21)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ്കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിധിയിൽ വരുന്ന 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 2020 ഫെബ്രുവരി 18, 20 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന നമ്പർ IV—തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ അധിക വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി, സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. വിവിധ ധനാഭ്യർത്ഥനകളിൽ ലഭിച്ച ബജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിൽ അധിക തുക വകയിരുത്തുന്നതിനുള്ള സമിതിയുടെ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഫെബ്രുവരി 25-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,

*അദ്ധ്യക്ഷൻ,*

*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,

2020 ഫെബ്രുവരി 25.

# റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ധനാഭ്യർത്ഥനകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ, 2020 ഫെബ്രുവരി 18, 20 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥന സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ചുവടെ ചേർത്തിട്ടുള്ളത്:

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

വോട്ട് ചെയ്തത് : 711,19,45,000 രൂപ

ചാർജ്ജ് ചെയ്തത് : 199,49,85,000 രൂപ

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

വിഹിതം :40 ലക്ഷം രൂപ (പദ്ധതിയേതരം)

1. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തു. ആയതിനാൽ, ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

വിഹിതം : 187.4913 കോടി രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

2. പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ജീവനക്കാർ, ദിവസ വേതനക്കാർ, കമ്മീഷൻ അംഗങ്ങൾ എന്നിവരുടെ ശമ്പളം, ക്ഷാമബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, പി.എസ്.സി. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, ഓഫീസുകളിലെയും ഗസ്റ്റ് ഹൗസുകളിലെയും വെള്ളക്കരം, വൈദ്യുതി,

കരം, ടെലിഫോൺ ചാർജ്ജ്, കെട്ടിട വാടക, വാഹന അറ്റകുറ്റപ്പണികൾ, ഇന്ധന ചാർജ്ജ്, പി.എസ്.സി. ബുള്ളറ്റിൻപ്രസിദ്ധീകരണം എന്നിവയുടെ ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | | |
|---|---|---|---|---|
| 01-1 | - | ശമ്പളം | - | 13.0314 കോടി രൂപ |
| 01-4 | - | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 9 ലക്ഷം രൂപ |
| 04-1 | - | യാത്രാബത്ത | - | 2.8815 കോടി രൂപ |
| 05-1 | - | വെള്ളക്കരം | - | 2.5 ലക്ഷം രൂപ |
| 05-2 | - | വൈദ്യുതി ചെലവ് | - | 55 ലക്ഷം രൂപ |
| 05-3 | - | ടെലിഫോൺ ചെലവ് | - | 73.03 ലക്ഷം രൂപ |
| 05-4 | - | മറ്റിനങ്ങൾ | - | 11.1 കോടി രൂപ |
| 06 | - | വാടക, കരം, നികുതി | - | 1.33 കോടി രൂപ |
| 16 | - | മേജർ വർക്ക്സ് | - | 2.83 കോടി രൂപ |
| 18 | - | സംരക്ഷണം | - | 99.99 ലക്ഷം രൂപ |
| 21-2 | - | സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 8.09 ലക്ഷം രൂപ |
| 28 | - | തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | - | 34.58 കോടി രൂപ |
| 34-3 | - | മറ്റിനം | - | 19 കോടി രൂപ |
| 45 | - | പി.ഒ.എൽ. | - | 22.36 ലക്ഷം രൂപ. |

2051-00-102-98-19—പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണം

വിഹിതം : ഇല്ല

3. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾക്കും ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായും ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

വിഹിതം : 132.6545 കോടി രൂപ (പദ്ധതിയേതരം)

4. വേതനം, ക്ഷാമബത്ത, വാഹന അറ്റകുറ്റപ്പണികൾ, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4 -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 5 ലക്ഷം രൂപ |
| 02 -വേതനം | - | 30 ലക്ഷം രൂപ |
| 04-4- അവധി യാത്രാനുകൂല്യം | - | 2.5 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | - | 5.85 ലക്ഷം രൂപ |
| 24 -സാധന സാമഗ്രികൾ | - | 40,000 രൂപ |

2052-00-090-95—നിയമവകുപ്പ്

01-6—ഓവർടൈം അലവൻസ്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

5. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമവകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി 01-6 ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-95-05-4—മറ്റിനങ്ങൾ

വിഹിതം : 20.97 ലക്ഷം രൂപ (പദ്ധതിയേതരം)

21-2—മോട്ടോർവാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1.53 ലക്ഷം രൂപ (പദ്ധതിയേതരം)

26—ഔദ്യോഗിക ഭാഷ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

6. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 05-4 എന്ന ശീർഷകത്തിൽ 4.03 ലക്ഷം രൂപയും 21-2 എന്ന ശീർഷകത്തിൽ 1.53 ലക്ഷം രൂപയും 26 എന്ന ശീർഷകത്തിൽ 49,000 രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-95 —നിയമവകുപ്പ്

45—പി.ഒ.എൽ.

വിഹിതം : 3.15 ലക്ഷം രൂപ (പദ്ധതിയേതരം)

7. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ധന ചെലവിനത്തിലേക്ക് നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-73-31—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ് ഇൻ എയ്ഡ് ശമ്പളം

36—സഹായധനം-ശമ്പളേതരം

വിഹിതം : 65 ലക്ഷം രൂപ (പദ്ധതിയേതരം)

8. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ശമ്പള ഇനത്തിൽ 5.16 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 43.785 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ് സെൽ

വിഹിതം : 5 ലക്ഷം രൂപ (പദ്ധതിയേതരം)

9. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷം നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.69 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-64—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം

വിഹിതം : 30 ലക്ഷം രൂപ (പദ്ധതിയേതരം)

10. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യാന്റീൻ ജീവനക്കാർക്ക് വേതനം, ഗ്യാസ് സബ്സിഡി എന്നീ ഇനങ്ങളിലെ ചെലവ് നിർവ്വഹിക്കുവാൻ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-93—കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി

05-3—ടെലിഫോൺ ചെലവ്

വിഹിതം : 12.6 ലക്ഷം രൂപ (പദ്ധതിയേതരം)

11. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും, ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

വിഹിതം : 5.0145 കോടി രൂപ (പദ്ധതിയേതരം)

12. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി കമ്മീഷണർമാർ നിയമിതരായതിനാൽ ചെലവ് ആനുപാതികമായി വർദ്ധിച്ചതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 25.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-81—ഭരണ പരിഷ്കാര കമ്മീഷൻ

വിഹിതം : 2,69,42,000 രൂപ (പദ്ധതിയേതരം)

13. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാഹനങ്ങളുടെ വാടക, കമ്മീഷന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്ന പ്രൊഫഷണൽ ഏജൻസികളുടെ സേവനത്തിനുള്ള ചെലവ് എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 8.14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2251-00-090-99—സെക്രട്ടേറിയറ്റ്

01-4 —മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം: 25 ലക്ഷം രൂപ (പദ്ധതിയേതരം)

14. നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4 —അവധിയാത്രാനുകൂല്യം

വിഹിതം: 3 ലക്ഷം രൂപ (പദ്ധതിയേതരം)

15. 2020-21 ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

3451-00-090-99—സെക്രട്ടേറിയറ്റ്

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം :17 ലക്ഷം രൂപ (പദ്ധതിയേതരം)

16. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34—മറ്റ് ചെലവുകൾ

വിഹിതം: 5.4 ലക്ഷം രൂപ (പദ്ധതിയേതരം)

17. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാഹനത്തിന്റെ വാടകയിനത്തിനും വകുപ്പിന്റെ വെബ്സൈറ്റിന്റെ നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 20.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

വിഹിതം : 1.2392 കോടി രൂപ (പദ്ധതിയേതരം)

18. നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിലുള്ള തുകയും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-92-34-03—മറ്റിനം

വിഹിതം : 12.75 കോടി രൂപ (പദ്ധതി)

19. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 കോടി രൂപയിൽ ബാക്കിയുള്ള 12.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-102-99—ജില്ലാ ആസൂത്രണ വിഭാഗം

വിഹിതം : 17.0285 കോടി രൂപ (പദ്ധതിയേതരം)

20. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്കുള്ള കുടിശ്ശിക, കരം എന്നീ ഇനങ്ങളിലെ ചെലവ് നിർവ്വഹിക്കുവാൻ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-99—സംസ്ഥാന ആസൂത്രണ ബോർഡ്

വിഹിതം : 9,33,06,000 രൂപ (പദ്ധതിയേതരം)

21. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ വേതനം നൽകുന്നതിനായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-69—സംസ്ഥാന പരിശീലന നയം- പരിശീലന പരിപാടി

വിഹിതം : 18 കോടി രൂപ(പദ്ധതി)

22. സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-090-98—നിയമവകുപ്പിന്റെ നവീകരണം

വിഹിതം : 57 ലക്ഷം രൂപ (പദ്ധതി)

23. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

വോട്ട്ചെയ്തത് : 810,42,95,000 രൂപ

ചാർജ്ജ് ചെയ്തത് : 137,71,93,000 രൂപ

2014-00-102-99—ഹൈക്കോടതി

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം: 45 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

24. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെ ട്രെയിനിംഗിനും മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള യാത്രാ ചെലവുകൾക്ക് നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—യാത്രാ ചെലവുകൾ-അവധി യാത്രാനുകൂല്യം

വിഹിതം: 1.5 കോടി രൂപ ( പദ്ധതിയേതരം) (ചാർജ്ജ് ചെയ്യുന്നത്)

25. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും സ്റ്റാഫുകളുടെയും എൽ.റ്റി.സി. ക്ലെയിമുകൾക്കായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം: 18 ലക്ഷം രൂപ ( പദ്ധതിയേതരം) (ചാർജ്ജ് ചെയ്യുന്നത്)

26. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടാങ്കർ ലോറികളിലുള്ള കുടിവെള്ളത്തിനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വിഹിതം: 1,78,31,000 രൂപ ( പദ്ധതിയേതരം) (ചാർജ്ജ് ചെയ്യുന്നത്)

27. നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധനവിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-3 —ടെലിഫോൺ ചെലവ്

വിഹിതം: 20 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്യുന്നത്)

28. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ് ജസ്റ്റിസുമാർക്കും, ജഡ്ജിമാർക്കും പുതിയ ഗാർഹിക ടെലിഫോൺ കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം: 2,07,37,000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

29. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ദൈനംദിന പ്രവർത്തന ചെലവുകൾക്കുപുറമേ പുതുതായി നിയമിതരാകുന്ന ജഡ്ജിമാരുടെ ചേമ്പറുകളിലേക്ക് ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ 1- വാഹനം വാങ്ങൽ

വിഹിതം: 1,000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

30. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ഓഫീസ് ആവശ്യത്തിനായി 3 ഡീസൽ വാഹനങ്ങൾ വാങ്ങുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.7257 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം: 32.74 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

31. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34-3—മറ്റിനം

വിഹിതം: 37.80 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

32. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ്ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ 66 ലക്ഷം രൂപ ആവശ്യമുണ്ടെന്നതിനാലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45-പി.ഒ.എൽ.

വിഹിതം: 84.10 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

33. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെ എണ്ണത്തിലും ഇന്ധന ചെലവിലുണ്ടായ വർദ്ധനവിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

91—പരിശീലനം

വിഹിതം: 74.25 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

34. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെയും ജീവനക്കാരുടെയും പരിശീലന പരിപാടികൾക്കും 2020-21-ലെ സൗത്ത് സോൺ റീജിയണൽ കോൺഫറൻസിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-102-98—ഹൈക്കോർട്ട് ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ

വിഹിതം: 59.06 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

35. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ബുക്കുകൾ ഉൾപ്പെടെ പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയ്ക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-102-97—ഹൈക്കോടതി കമ്പ്യൂട്ടർ വൽക്കരണം

വിഹിതം: 94.50 ലക്ഷം രൂപ ( പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

36. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ വൽക്കരണം സുഗമമായി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

04-01—യാത്രാ ബത്ത

വിഹിതം: 1, 96, 46, 000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

37. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നടത്തുന്നതിനുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 71 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-3 —ടെലിഫോൺ ചെലവ്

വിഹിതം: 77.62 ലക്ഷം രൂപ (പദ്ധതിയേതരം)

38. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-കോടതി പദ്ധതിയുടെ ഭാഗമായി 122 കോടതികളിലെ VPN ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, 20 കോടതികളിലെ ലീസ്‌ലൈൻ കണക്റ്റിവിറ്റി എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67—പൊതുജനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം: 80 ലക്ഷം രൂപ (പദ്ധതിയേതരം)

39. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.8328 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

67—പൊതുജനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം: 8 ലക്ഷം രൂപ (പദ്ധതിയേതരം)

40. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 41.05 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-92—പ്രത്യേക കോടതികൾ (എസ്.പി.ഇ./സി.ബി.ഐ.)

67—പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

41. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-108-99—ക്രിമിനൽ കോടതികൾ

05-2—വൈദ്യുതി ചെലവ്

വിഹിതം: 29.25 ലക്ഷം രൂപ (പദ്ധതിയേതരം)

42. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം: 24.71 ലക്ഷം രൂപ (പദ്ധതിയേതരം)

43. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

44. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, കൽപ്പറ്റ, സി.ജെ.എം. കോടതികളിലെ പഴയ സ്റ്റാഫ് കാറുകൾ മാറ്റിവാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 13.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67—പൊതുജനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം: 36.33 ലക്ഷം രൂപ (പദ്ധതിയേതരം)

45. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.3073 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-110-99—അഡ്മിനിസ്ട്രേറ്റർസ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും

വിഹിതം: 35.45 ലക്ഷം രൂപ (പദ്ധതിയേതരം)

46. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 9,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-99—ലാ ഓഫീസർമാർ

വിഹിതം: 56.2577 കോടി രൂപ (പദ്ധതിയേതരം)

47. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങളിലായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി മൊത്തം 3.28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | -7 ലക്ഷം രൂപ |
| 05-2- വൈദ്യുതിചെലവ് | - 4 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചാർജ്ജ് | -7 ലക്ഷം രൂപ |
| 05-4- മറ്റിനങ്ങൾ | - 10 ലക്ഷം രൂപ |
| 34-3- മറ്റിനം | - 3 കോടി രൂപ |

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർ മാർക്കുള്ള ഫീസും

വിഹിതം : 11.5280 കോടി രൂപ (പദ്ധതിയേതരം)

48. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ്, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5.3018 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

വിഹിതം : 13.6870 കോടി രൂപ (പദ്ധതിയേതരം)

49. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും ഓഫീസ് ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 5 ലക്ഷം രൂപ |
| 04-1-യാത്രാബത്ത | - | 2 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | - | 4 ലക്ഷം രൂപ |
| 04-4-അവധിയാത്രാനുകൂല്യം | - | 20 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | - | 4 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | - | 9.49 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | - | 15.05 ലക്ഷം രൂപ |
| 21 -1 -മോട്ടോർ വാഹനങ്ങൾ- വാങ്ങൽ | - | 1.1199 കോടി രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 5.43 ലക്ഷം രൂപ |
| 34- മറ്റ് ചെലവുകൾ | - | 5 കോടി രൂപ |
| 99-വിവരസാങ്കേതിക വിദ്യ | - | 4 ലക്ഷം രൂപ |

2014-00-114-92—സ്ഥിര ലോക അദാലത്ത്

വിഹിതം: 1.4481 കോടി രൂപ (പദ്ധതിയേതരം)

50. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-5-മറ്റ് അലവൻസുകൾ | 20 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റബത്ത | 9,000 രൂപ |

| | |
|---|---|
| 04-4-അവധി യാത്രാനുകൂല്യം | 90,000 രൂപ |
| 05-3-ടെലിഫോൺ ചെലവ് | 12,000 രൂപ |
| 05-4- മറ്റിനങ്ങൾ | 5.80 ലക്ഷം രൂപ |
| 99-വിവരസാങ്കേതിക വിദ്യ | 2.90 ലക്ഷം രൂപ |

2014-00-114-00-97-APPs—<u>സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂഷൻ ഓഫീസുകളിൽ ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾ</u>

വിഹിതം : 19.1662 കോടി രൂപ (പദ്ധതിയേതരം)

51. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചെലവ്, യാത്രാപ്പടി ഇനങ്ങളിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, <u>ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2014-00-116-99—<u>കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി</u>

വിഹിതം : 9.3638 കോടി രൂപ (പദ്ധതിയേതരം)

52. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, കെട്ടിടങ്ങളുടെ വാടക, വാഹനങ്ങളുടെ ഇന്ധന ചെലവ്, എൽ.റ്റി.സി. എന്നീ ആവശ്യങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, <u>താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | | |
|---|---|---|
| 01-4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്- | | 5.50 ലക്ഷം രൂപ |
| 04-4-എൽ.റ്റി.സി. | - | 5.60 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | - | 12.75 ലക്ഷം രൂപ |
| 45- പി.ഒ.എൽ. | - | 5.66 ലക്ഷം രൂപ |

274/20

2014-00-117-99—കടുംബ കോടതികൾ

04-1—യാത്രാ ചെലവുകൾ - യാത്രബത്ത

വിഹിതം : 15.00 ലക്ഷം രൂപ (പദ്ധതിയേതരം)

53. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം: ഇല്ല

54. കുടുംബകോടതികളിലെ പഴയ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും 7 കുടുംബകോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 13.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67—പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം : 50 ലക്ഷം (പദ്ധതിയേതരം)

55. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 37.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-94—നിയമസഹായ നിധി അംശദാനം

വിഹിതം: 16 കോടി രൂപ

56. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഹായ നിധിയ്ക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-93—<u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക</u>

06—<u>വാടക, കരം, നികുതി</u>

വിഹിതം: 3.65 കോടി രൂപ (പദ്ധതിയേതരം)

57. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, <u>ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2014-00-800-91—<u>കേരള സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ സഹായധനം</u>

31—<u>സഹായ ധനം-ശമ്പളം</u>

36—<u>സഹായ ധനം-ശമ്പളേതരം</u> .

വിഹിതം: 6.7 കോടി രൂപ (പദ്ധതിയേതരം)

58. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള ബോധവൽക്കരണ പരിപാടികൾ, ജീവനക്കാരുടെ ശമ്പളം, വേതനം, കെട്ടിടത്തിന്റെ വാടക എന്നീ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, <u>ഈ ശീർഷകത്തിൽ 3.7394 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2014-00-800-88—<u>ഗ്രാമ ന്യായാലയം</u>

67—<u>പൊതു ജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

വിഹിതം: 43.50 ലക്ഷം രൂപ (പദ്ധതിയേതരം)

59. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ

ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.2001 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-86—നീതിന്യായ നിർവ്വഹണ പുരോഗതി

67—പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

വിഹിതം: 54.41 ലക്ഷം രൂപ (പദ്ധതിയേതരം)

60. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 43.69 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

61. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കീഴ്ക്കോടതികളിൽ സാങ്കേതിക വിദഗ്ധരുടെ വേതന വർദ്ധനവിന് ആനുപാതികമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-80—കേരള നിയമ പരിഷ്കാര കമ്മീഷൻ

02-5—ദിവസ വേതനം

വിഹിതം: 1.48 ലക്ഷം രൂപ (പദ്ധതിയേതരം)

62. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദിവസ വേതന ജീവനക്കാരുടെ വേതനം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.72 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-1—യാത്രാ ബത്ത

വിഹിതം: 1 ലക്ഷം രൂപ (പദ്ധതിയേതരം)

63. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അംഗങ്ങളുടെ യാത്രാപ്പടി ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം: 5.4 ലക്ഷം രൂപ (പദ്ധതിയേതരം)

64. ബഡ്ജറ്റ് വിഹിതം സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കോട്ടയം, ഓഫീസുകളുടെ വാടക ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97—വാഹനങ്ങളുടെ വാടക

വിഹിതം: 2 ലക്ഷം രൂപ (പദ്ധതിയേതരം)

65. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയത്ത് വച്ച് നടക്കുന്ന മീറ്റിംഗുകൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

വോട്ട് ചെയ്തത് : 109,41,95,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2015—തെരഞ്ഞെടുപ്പുകൾ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

വിഹിതം : 4,43,55,000 രൂപ (പദ്ധതിയേതരം)

66. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ

ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർണ്ണയിക്കാൻ പര്യാപ്തമല്ലെന്നും 2020 ഒക്ടോബർ/നവംബർ മാസത്തിൽ നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 1.4187 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01—ശമ്പളം-52 ലക്ഷം രൂപ

02—വേതനം- 20 ലക്ഷം രൂപ

04—യാത്രാ ചെലവുകൾ

1—യാത്രാ ബത്ത - 38 ലക്ഷം രൂപ

2—അവധി യാത്രാനുകൂല്യം - 3, 50,000 രൂപ

05—ഓഫീസ് ചെലവുകൾ

1-വെള്ളക്കരം -1,10,000 രൂപ

2- വൈദ്യുതചെലവ് - 9,27,000 രൂപ

4- മറ്റ് ചെലവുകൾ - 8 ലക്ഷം രൂപ

21—മോട്ടോർ വാഹനങ്ങൾ

02- സംരക്ഷണവും അറ്റകുറ്റപ്പണിയും -4 ലക്ഷം രൂപ

45- പി.ഒ.എൽ.- 6 ലക്ഷം രൂപ

2015-00-103-99—തെരെഞ്ഞെടുപ്പുകൾ നിയമസഭയും പാർലമെന്റും

വിഹിതം: 40,16,68, 000 രൂപ (പദ്ധതിയേതരം)

67. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-ൽ നടക്കുന്ന നിയമസഭാ തെരെഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾ നടക്കേണ്ടതിനാൽ അനുബന്ധ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 9.8331 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-106-99—നിയമസഭ

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

68. സംസ്ഥാന നിയമസഭയിലേക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. കുട്ടനാട് നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ അധികതുക ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 19.1005 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

വിഹിതം : 50 കോടി രൂപ (പദ്ധതിയേതരം)

69. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർണ്ണയിക്കാൻ പര്യാപ്തമല്ലെന്നും 2020-ലെ തെരഞ്ഞെടുപ്പിനാവശ്യമായ 13912 മൾട്ടിപോസ്റ്റ് ഇ.വി.എം. മെഷീനുകൾ വാങ്ങുന്നതിനും, വെയർഹൗസ് അഭിവൃദ്ധിപ്പെടുത്തൽ, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും മറ്റ് ചെലവുകൾക്കുമായി അധികവിഹിതം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 137.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-110-99—സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ

വിഹിതം : 6,000 രൂപ (പദ്ധതിയേതരം)

70. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്ന പക്ഷം ഈ ശീർഷകത്തിൽ കൂടുതൽ തുക അവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

വോട്ട് ചെയ്തത്: 3871,41,82,000 രൂപ

ചാർജ് ചെയ്തത്: 5,18,78,000 രൂപ

2055—പോലീസ്

2055-00-001 -99—മേൽനോട്ടം

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 40.3 ലക്ഷം രൂപ (പദ്ധതിയേതരം)

71. പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലേയും, റേഞ്ച് ഐ. ജി. ഓഫീസിലേയും യാത്രാ ബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 55.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-05—ഓഫീസ് ചെലവുകൾ

2—വൈദ്യുതി ചെലവ്

വിഹിതം : 12.285 കോടി രൂപ (പദ്ധതിയേതരം)

72. വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 12.8455 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3—ടെലിഫോൺ ചാർജ്ജ്

വിഹിതം : 2.7 കോടി രൂപ (പദ്ധതിയേതരം)

73. ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 2.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4—മറ്റിനങ്ങൾ

വിഹിതം : 63.9 ലക്ഷം രൂപ (പദ്ധതിയേതരം)

74. ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 1.841 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-06—വാടക, കരം, നികുതി

വിഹിതം : 9 ലക്ഷം രൂപ (പദ്ധതിയേതരം)

75. ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 12.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-15—രഹസ്യ സേവന ചെലവുകൾ

വിഹിതം : 1.35 കോടി രൂപ (പദ്ധതിയേതരം)

76. ഈ ഇനത്തിൽ ലഭ്യമാക്കിയ തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ഇനത്തിൽ 3.65 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-18—സംരക്ഷണം

വിഹിതം : 18 ലക്ഷം രൂപ (പദ്ധതിയേതരം)

77. ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-19—യന്ത്രോപകരണങ്ങൾ

വിഹിതം : 7.65 കോടി രൂപ (പദ്ധതിയേതരം)

78. ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 20.0075 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001-99-21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 33.3 ലക്ഷം രൂപ (പദ്ധതിയേതരം)

79. ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 39.1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-34-3—മറ്റിനം

വിഹിതം :1.62 കോടി രൂപ (പദ്ധതിയേതരം)

80. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ, എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 3.98 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-001 -99-45—പി.ഒ.എൽ.

വിഹിതം : 4.95 കോടി (പദ്ധതിയേതരം)

81. പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.6691 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003 -99—പോലീസ് പരിശീലന സ്ഥലകളും കോളേജുകളും

05-1—വെള്ളക്കരം

വിഹിതം ; 5.88 ലക്ഷം (പദ്ധതിയേതരം)

82. ഈ ശീർഷകത്തിൽ 24.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

വിഹിതം :7.56 ലക്ഷം രൂപ (പദ്ധതിയേതരം)

83. പോലീസ് വകപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള മറ്റു ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003 -99- 17—ചെറുകിട മരാമത്തുപണികൾ (പോലീസ് പരിശീലന സ്ഥലകളും കോളേജുകളും)

വിഹിതം : 3.5 ലക്ഷം രൂപ (നോൺ പ്ലാൻ)

84. പോലീസ് പരിശീലന സ്കൂളിലെ മരാമത്തു പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 38.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003 -99- 18—സംരക്ഷണം (പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും)

വിഹിതം : 3.25 ലക്ഷം രൂപ (പദ്ധതിയേതരം)

85. പോലീസ് പരിശീലന സ്കൂളിലെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.9675 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98—കേരള പോലീസ് അക്കാഡമി

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 19.8 ലക്ഷം രൂപ (പദ്ധതിയേതരം)

86. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98-05—ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ (കേരള പോലീസ് അക്കാഡമി)

വിഹിതം : 15.3 ലക്ഷം രൂപ (പദ്ധതിയേതരം)

87. പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതും, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകളുമെല്ലാം മേൽ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ഇതിനായി വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 44.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98-17—ചെറുകിട മരാമത്തുപണികൾ (കേരള പോലീസ് അക്കാഡമി)

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

88. കേരള പോലീസ് അക്കാഡമിയിലെ മരാമത്ത് പണികൾ നടത്തുന്നതിനായി വകയിരുത്തിയ തുക ഇല്ലോം കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98-18—സംരക്ഷണം (കേരള പോലീസ് അക്കാഡമി)

വിഹിതം : 57.03 ലക്ഷം രൂപ (പദ്ധതിയേതരം)

89. കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി വകയിരുത്തിയ തുക വളരെ കുറവാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 6.4297 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98-21—മോട്ടോർ വാഹനങ്ങൾ 2 സംരക്ഷണവും അറ്റകുറ്റപ്പണികളും (കേരള പോലീസ് അക്കാഡമി)

വിഹിതം : 11.34 ലക്ഷം രൂപ (പദ്ധതിയേതരം)

90. കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനായി വകയിരുത്തിയ തുക വളരെ കുറവാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 66.24 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98-34—മറ്റു ചെലവുകൾ 3 മറ്റിനം (കേരള പോലീസ് അക്കാഡമി)

വിഹിതം : 50.4 ലക്ഷം രൂപ (പദ്ധതിയേതരം)

91. ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 7.846 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98-45—പി.ഒ.എൽ. (കേരള പോലീസ് അക്കാഡമി)

വിഹിതം : 34 ലക്ഷം രൂപ

92. ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 33.13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-93—ജീവനക്കാരുടെ പരിശീലനം

വിഹിതം : 10,000 രൂപ (പദ്ധതിയേതരം)

93. ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 34.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-94—കേരള പോലീസ് അക്കാദമി (ഇൻ സർവ്വീസ് കേഡറ്റ്സ്)

വിഹിതം : 01-1 ശമ്പളം 10.5756 കോടി രൂപ (പദ്ധതിയേതരം)

2—ക്ഷാമബത്ത 53.85 ലക്ഷം രൂപ

5—മറ്റ് അലവൻസുകൾ 10 ലക്ഷം രൂപ

94. ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 1 ശമ്പളം, 2 ക്ഷാമബത്ത്, 5 മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ വകുപ്പ് ആവശ്യപ്പെട്ട തുക മുഴുവനും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

18—സംരക്ഷണം

വിഹിതം: 2.7 ലക്ഷം രൂപ (പദ്ധതിയേതരം)

95. സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.2461 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം: 2.16 കോടി രൂപ (പദ്ധതിയേതരം)

96. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18—സംരക്ഷണം

വിഹിതം : 4.32 ലക്ഷം രൂപ (പദ്ധതിയേതരം)

97. അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 49.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-104-99—സായുധ പോലീസ്

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 8.982 കോടി രൂപ (പദ്ധതിയേതരം)

98. ഇലക്ഷൻ, ശബരിമല ഡ്യൂട്ടി എന്നിവയുമായി ബന്ധപ്പെട്ട ടി.എ. ബില്ലുകൾ മാറുന്നതിനും, പുതിയ വനിതാ ബറ്റാലിയന്റെ രൂപീകരണം, 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് എന്നിവ മൂലം ഈ ശീർഷകത്തിൽ കൂടുതൽ തുക വേണ്ടി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 21.018 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

വിഹിതം: 54 ലക്ഷം രൂപ (പദ്ധതിയേതരം)

99. മുൻകാല കുടിശ്ശിക തീർക്കുന്നതിലേക്കും 9 ബറ്റാലിയനിലേക്കുള്ള അടുത്ത സാമ്പത്തിക വർഷത്തെ ചെലവിനായും ഈ ശീർഷകത്തിൽ 1.96 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

04—മറ്റിനം

വിഹിതം : 96.3 ലക്ഷം രൂപ

